**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പാലക്കാട് ജില്ല – കൊടുവായൂർ ഗ്രാമപഞ്ചായത്ത് - വിശ്വനാഥസ്വാമി ക്ഷേത്രത്തിലെ രഥോത്സവം - ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 1/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/01/2019

പരാമർശം:- കൊടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/12/2018 ലെ കത്ത്.

### ഉത്തരവ്

പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥസ്വാമി ക്ഷേത്രത്തിലെ ഉത്സവങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ രഥോത്സവത്തിന്റെ നടത്തിപ്പിനായി പ്രളയത്തിലും മറ്റും തകർന്നു പോയ രഥം സഞ്ചരിക്കുന്ന റോഡുകൾ ശരിയാക്കുന്നതിനും ആരോഗ്യ ശുചിത്വ പരിപാലനത്തിനുമായി ഒരു ലക്ഷത്തോളം രൂപ ചെലവ് വരുമെന്നും, ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശ കത്ത് പ്രകാരം കൊടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥസ്വാമി ക്ഷേത്രത്തിൽ നടക്കുന്ന രഥോത്സവത്തിന്റെ നടത്തിപ്പിനായി റോഡ് നവീകരണം, ശുചീകരണം എന്നീ പ്രവർത്തനങ്ങൾക്ക് കൊടുവായൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപ അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡന്റ്/സെക്രട്ടറി, കൊടുവായൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് - 678501
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.